**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **26-10-2021 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് കോളേജുകളിൽ നടത്തുന്ന അൺ എയ്‌ഡഡ് കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗീകൃത എയ്‌ഡഡ് കോളേജുകളിൽ നടത്തുന്ന അൺഎയ്‌ഡഡ് കോഴ്സുകൾ നിർത്തൽ ചെയ്യാൻ സർക്കാരോ യൂണിവേഴ്സിറ്റികളോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | എയ്‌ഡഡ് കോളേജുകളിൽ നടത്തി വരുന്ന സ്വാശ്രയകോഴ്സുകൾക്ക് ആവശ്യമുള്ള സമയത്ത് നിരാക്ഷേപ പത്രം നൽകുന്നതാണെന്നും എന്നാൽ യു.ജി.സി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള ബി.വോക് കോഴ്സുകളല്ലാതെ പുതിയ സ്വാശ്രയ കോഴ്സുകൾ എയ്‌ഡഡ് കോളേജുകളിൽ അനുവദിക്കില്ലെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇത്തരം കോഴ്സുകൾ നിർത്തൽ ചെയ്യുന്നതിലൂടെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ഭയാശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബാധകമല്ല |
| (സി) | എയ്‌ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകളും ക്ലാസ്സുകളും ആരംഭിക്കാത്ത സാഹചര്യത്തിൽ പുതുതായി കൂടുതൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാമോ? | (സി) | കൂടുതൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ